മൂന്ന് മാസത്തിനുള്ളിൽ ഇടുക്കി ജില്ലയിൽ മാത്രം 731 പട്ടയങ്ങൾ മുൻ വന ഭൂമി കൈവശക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(633) തിരുവനന്തപുരത്ത് എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് സർക്കാർ സ്ഥലം പതിച്ചുനൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെ പേർക്കാണ് സ്ഥലം പതിച്ചു നൽകിയതെന്ന് വെളിപ്പെടുത്തുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ട്രസ്റ്റിന്റെ പേരിലാണ് പതിച്ചുനൽകിയതെങ്കിൽ ആ ട്രസ്റ്റ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും രജിസ്ട്രേഷൻ നമ്പർ എത്രയാണെന്നും വെളിപ്പെടുത്തുമോ,

(ഡി) ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് സ്ഥലം ആവശ്യപ്പെടുമ്പോഴുള്ള അംഗങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഇ) ഈ ട്രസ്റ്റ് ഇപ്പോഴും നിലവിലുണ്ടോ എന്നും ഏതുവരെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ പഠന ഗവേഷണ സ്ഥാപനം നിലവിൽവന്നശേഷം എപ്പോഴെങ്കിലും സ്ഥലം അനുവദിച്ച് നൽകിയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായാണോ സ്ഥലം വിനിയോഗിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതെന്നാണെന്നും പരിശോധിച്ച ഉദ്യോഗസ്ഥൻ ആരാണെന്നും പരിശോധനാഫലം എന്തായിരുന്നുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെക്രട്ടറി എ.കെ.ജി. മെമ്മോറിയൽ കമ്മിറ്റി തിരുവനന്തപുരം എന്ന പേരിലാണ് സ്ഥലം പതിച്ചുനൽകിയത്. 1977-ലാണ് ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്. ഉത്തരവിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമല്ല.

(സി)-(ഇ) ട്രസ്റ്റിന്റെ പേരിലല്ല പതിച്ചുനൽകിയത്.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

(635) സർക്കാർ സ്ഥലം പതിച്ചുനൽകുന്നതിനുള്ള മാനദണ്ഡം

ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർവക സ്ഥലം ഏതെങ്കിലും സംഘടനകൾക്കോ, രാഷ്ട്രീയ പാർട്ടികൾക്കോ പതിച്ചു

LIBRARY ARCHIVES Kerala Legislative Assembly